**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് - സാമൂഹ്യ സുരക്ഷ പെൻഷൻ - അപ്പീൽ അധികാരികളെ പുനർ നിർണ്ണയിച്ച് ഉത്തരവാകുന്നു.

**ധനകാര്യ (എസ് എഫ് സി -ബി ) വകുപ്പ്**

സ ഉ (എം എസ്) നം. 427/2019 /ധന തിരുവനന്തപുരം തിയതി 20.11.2019

പരാമർശം :-1. 10.12.2014 തിയതിയിലെ സ ഉ (എം.എസ്) നം.100/2014/സാനീവ ഉത്തരവ്

2. പഞ്ചായത്ത് ഡയറക്ടറുടെ 22/08/2019 തീയതിയിലെ പി എ എൻ /5809/2019- ഡി ബി ടി നമ്പർ കത്ത്

**ഉത്തരവ്**

സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകൾ പരിശോധിച്ച് തീരുമാനമെടുക്കുന്നതിനും പെൻഷൻ അനുവദിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയും പെൻഷൻ വിതരണം സംബന്ധിച്ച പരാതികളും അപ്പീലുകളും പുനഃപരിശോധനയ്ക്കും തീരുമാനമെടുക്കുന്നതിനും പഞ്ചായത്ത് ഡയറക്ടറേയും നഗരകാര്യ ഡയറക്ടറേയും ചുമതലപ്പെടുത്തി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. സംസ്ഥാനമൊട്ടാകെയുള്ള അപ്പീൽ അപേക്ഷകൾ ഒരു ഓഫീസിൽ തന്നെ പരിഗണിക്കേണ്ടിവരുന്ന സാഹചര്യം ഉണ്ടാക്കുന്നു എന്നും അപേക്ഷകർക്കും ഇത് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട് എന്നും അതിനാൽ നിലവിലെ ഉത്തരവിൽ ഭേദഗതി വരുത്തി ബന്ധപ്പെട്ട ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരേയും നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാരേയും അപ്പീൽ അധികാരികളാക്കി നിശ്ചയിക്കുന്നത് ഉചിതമായിരിക്കുമെന്നും, പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമൂഹ്യ സുരക്ഷാ പെൻഷൻ സംബന്ധിച്ച പരാതികളുടെ അപ്പീൽ അധികാരികളായി ഗ്രാമ പഞ്ചായത്തുകളുടെ കാര്യത്തിൽ അതാത് ജില്ലകളിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരേയും നഗരസഭകളുടെ കാര്യത്തിൽ അതാത് നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാരേയും അധികാരപ്പെടുത്തി ഉത്തരവാകുന്നു.

3. പരാമർശം (1) ലെ സർക്കാർ ഉത്തരവ് ഇത്തരത്തിൽ ഭേദഗതി ചെയ്യുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പ്രതീപ് കുമാർ ബി**

**ജോയിന്റ് സെക്രട്ടറി ( ധനകാര്യം)**

പ്രൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി,തദ്ദേശ സ്വയം ഭരണ വകുപ്പ്

സ്പെഷ്യൽ സെക്രട്ടറി , സാമൂഹ്യ നീതി വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ ,തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും ( പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
എല്ലാ നഗരകാര്യ മേഖല ജോയിന്റ് ഡയറക്ടർമാർക്കും ( നഗരകാര്യ ഡയറക്ടർ മുഖന്തിരം)
എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും ( പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി സെക്രട്ടറിമാർക്കും ( നഗരകാര്യ ഡയറക്ടർ മുഖന്തിരം)
ഇൻഫർമേഷൻ കേരള മിഷൻ ,തിരുവനന്തപുരം
നോഡൽ ഓഫീസർ ,ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
കരുതൽ ശേഖരം /ഓഫീസ് പകർപ്പ് (E 1331046)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ